**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5045** **04-07-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി 2023-24 അദ്ധ്യയന വർഷം വരെ (2024 മാർച്ച്) കുടിശിക തുകകൾ ഒന്നും തന്നെ വിതരണം ചെയ്യുന്നതിനായി നിലവിൽ ഇല്ല. എന്നാൽ സ്കൂളുകൾക്ക് അനുവദിച്ചിരുന്ന പാചക ചെലവിനത്തിലെ തുക സമയബന്ധിതമായി പിൻവലിക്കാത്തതിനാലും മറ്റ് ചില സാങ്കേതിക പ്രശ്നങ്ങൾ കാരണവും അപൂർവ്വം ചില സ്കൂളുകൾക്ക് തുക മാറിയെടുക്കാൻ സാധിച്ചില്ല. ഇത്തരത്തിൽ തുക മാറാൻ സാധിക്കാതിരുന്ന സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് തുക അനുവദിച്ച് വരുന്നുണ്ട്. പാചകതൊഴിലാളികളുടെ 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ അവധിക്കാല സമാശ്വാസ തുകയാണ് കുടിശികയായി ഇനി വിതരണം ചെയ്യാനുള്ളത്. |
| (ബി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ കുടിശിക കൊടുത്തുതീർക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (ബി) | പാചകതൊഴിലാളികളുടെ 2024 ഏപ്രിൽ, മെയ് മാസങ്ങളിലെ കുടിശ്ശികയായ അവധിക്കാല സമാശ്വാസം വിതരണം ചെയ്യുന്നതിനാവശ്യമായ 5.4240 കോടി രൂപ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കാൻ സപ്ലിമെന്ററി ന്യൂട്രീഷൻ പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; ഇതിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | സ്കൂൾ കുട്ടികൾക്ക് പോഷകാഹാരം ലഭ്യമാക്കുന്നതിന്റെ ഭാഗമായി സപ്ലിമെന്ററി ന്യൂട്രീഷൻ പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം പാലും (150 ml വീതം) ഒരു ദിവസം മുട്ട/നേന്ത്രപ്പഴം എന്നിവയും സപ്ലിമെന്ററി ന്യൂട്രീഷന്റെ ഭാഗമായി നൽകിവരുന്നു. സപ്ലിമെന്ററി ന്യൂട്രീഷൻ ഉൾപ്പെടെയുള്ള ചെലവുകൾക്കായി 232.14 കോടി രൂപ സംസ്ഥാന അധിക വിഹിതമായി സംസ്ഥാന സർക്കാർ നടപ്പു വർഷത്തെ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ